**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 01/01/2022
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC1/2022/EXCISE**

വിഷയം: എക്സൈസ് ഭരണപരം - സ്ട്രൈക്കിങ് ഫോഴ്സ് പ്രവർത്തനം - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

രാത്രികാലങ്ങളിൽ ലഭിക്കുന്ന വിവരങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമായ നടപടികളെടുക്കുന്നതിനുമായും, അടിയന്തിര ഘട്ടങ്ങളിൽ വളരെ പെട്ടെന്ന് എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങൾ നടത്തുന്നതിനും ഓരോ ഡിവിഷനിലും സ്ട്രൈക്കിങ് ഫോഴ്സ് എന്ന സംവിധാനം പ്രത്യേക അവസരങ്ങളിൽ ഏർപ്പെടുത്തുകയും ആയത് തുടർന്നുവരികയും ചെയ്യുന്നുണ്ട്. ഇതിനെ ഒരു സ്ഥിരം സംവിധാനമാക്കി എല്ലാ ഡിവിഷനുകളും ഏകീകൃത സ്വഭാവത്തോടെ നടപ്പാക്കാനായി ചുവടെപറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു. ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണർമാർ ഓരോ മാസവും തൊട്ടടുത്ത മാസത്തെ ഓരോ ദിവസത്തെയും സ്ട്രൈക്കിംഗ് ഫോഴ്സിലെ ഡ്യൂട്ടി സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

1. ഓരോ ഡിവിഷന്റെയും ഭൂമിശാസ്ത്രപരമായ അവസ്ഥ പരിഗണിച്ച് ഡിവിഷനെ രണ്ടോ മൂന്നോ മേഖലകളായി തിരിച്ച് ഓരോമാസത്തേക്കും ചുമതലപ്പെടുത്തിയ ഓഫീസുകളുടെ തീയതി തിരിച്ചുള്ള പ്രവർത്തന പട്ടിക മുൻകൂറായി തലേ മാസം അവസാനത്തോടെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പ്രസിദ്ധീകരിക്കേണ്ടതാണ്. (വയനാട് ഡിവിഷനിൽ ഓഫീസുകളുടെ എണ്ണം കുറവായതിനാൽ ഒരു സ്ട്രൈക്കിങ് ഫോഴ്സ് യൂണിറ്റ് മാത്രം മതിയാകുന്നതാണ്.)
2. ഒരു ഓഫീസർ (CI(X), EI, AEI) ഒരു പ്രിവൻറീവ് ഓഫീസർ, 2 സിവിൽ എക്സൈസ് ഓഫീസർ, ഒരു വനിതാ സിവിൽ എക്സൈസ് ഓഫീസർ എന്നിവരും അതാത് ഓഫീസിലെ ഡ്രൈവറും വാഹനവും അടങ്ങുന്നതായിരിക്കണം സ്ട്രൈക്കിങ് ഫോഴ്സിലെ അംഗങ്ങൾ.
3. ടി സ്ട്രൈക്കിങ് ഫോഴ്സുകളെ ടീം 1, ടീം 2 എന്നിങ്ങനെ നാമകരണം ചെയ്ത് ഓരോ യൂണിറ്റിനും അധികാരപരിധി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ നിശ്ചയിച്ചു നൽകേണ്ടതാണ്.
4. സ്പെഷ്യൽ ഡ്രൈവ് ഉത്തരവുകൾ നിലനിൽക്കുമ്പോൾ അതിനനുസരിച്ച്